<u>പതിനാലാം കേരള നിയമസഭ</u>
<u>ഏഴാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>നിയമസഭാ ചോദ്യം നമ്പർ</u> :567

<u>8/08/2017 ൽ</u>
<u>മറുപടിയ്ക്ക്</u>

## <u>പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം</u>

<u>ചോദ്യം</u>
ശ്രീ.ആർ.രാജേഷ്

<u>ഉത്തരം</u>
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ പല്ലാരി മംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പ്രസ്തുത പ്രവൃത്തിക്ക് 01/11/2014 ലെ G.O(Rt)No.1226/2014/ID സർക്കാർ ഉത്തരവു പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും വ്യവസായ വകുപ്പ് തുക വകമാറ്റി ചെലവഴിച്ചതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | വ്യവസായ വകുപ്പ് തുക വകമാറ്റി ചിലവഴിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് വ്യവസായ വകുപ്പ് ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഫയൽ നമ്പർ അറിയിക്കാമോ ; | (സി) | വ്യവസായ വകുപ്പ് പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ CE/BL/PLI/LAC-ADS/ALPT/40/14 തീയതി 07/01/2014 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്ക് തുക അനുവദിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി | പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചാൽ സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ